# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6259** **08/07/2014-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനായി സാഫിന്റെ സംരംഭങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. എം. എ. വാഹീദ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി തീരദേശമേഖലയിൽ പ്രവർത്തിക്കുന്ന സാഫ് പുതിയ സംരംഭങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി തീരദേശ മേഖലയിലും ഉൾനാടൻ മേഖലയിലും തീരമൈത്രി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) മത്സ്യത്തൊഴിലാളി സ്ത്രീ സംഘങ്ങളുടെ ഏകീകൃത ജീവനോപാധി പ്രവർത്തനങ്ങളെ ശാക്തീകരിച്ച് സാമ്പത്തികഭദ്രത ഉറപ്പുവരുത്തുവാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന വിവരം വിശദമാക്കുമോ; | (ബി) മത്സ്യത്തൊഴിലാളി സ്ത്രീ സംഘങ്ങളുടെ ഏകീകൃത ജീവനോപാധിയുടെ ഭാഗമായി തീരമൈത്രി എന്ന പദ്ധതിയിലൂടെ 4 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി വനിത ഗ്രൂപ്പുകൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, ഗ്രൂപ്പുകൾക്ക് 3 ഘട്ടങ്ങളിലായി പലിശരഹിത ചാക്രീക മൂലധനം, പലിശരഹിത വായ്പ, കച്ചവടം നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് അഭിരുചിക്കനുസരിച്ച് കച്ചവടം മാറ്റുന്നതിന്, സ്വന്തമായി സീ ഫുഡ് സെന്റർ ആരംഭിക്കുന്നതിന്, സ്വന്തമായി സ്ഥലം ഉള്ള ഗ്രൂപ്പുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള സാമ്പത്തിക സഹായവും, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ പുനരുദ്ധരിക്കുന്നതിനും, തീരമൈത്രി ഗ്രൂപ്പുകൾക്ക് മേളകളിലും എക്സിബിഷനുകളിലും പങ്കെടുക്കുന്നതിനുള്ള സഹായങ്ങളും, സാഫ് അപ്പക്സ് ഫെഡറേഷനുകൾ മുഖേന ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുള്ള സഹായവും അനുവദിച്ചു വരുന്നു. |
| (സി) സാഫിന്റെ പ്രവർത്തനങ്ങൾക്കായി 2011-14 കാലയളവിൽ എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചു; ഇവ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന വിവരം വിശദമാക്കുമോ? | (സി) 2011 മുതൽ 2014 വരെ സാഫിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായമായി തുക ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ